(സി) ഉണ്ട്. ഉൽപ്പന്നങ്ങളുടെ വൈവിധ്യത്തിനായി ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധനസഹായം ലഭിച്ചിട്ടില്ലാത്ത ഉൽപ്പന്നങ്ങളും വിൽക്കുന്നുണ്ട്.

(ഡി) പൊതുവേ ഖാദി ബോർഡിന്റെയോ ഖാദി കമ്മീഷന്റെയോ നേരിട്ടുള്ള ഉൽപ്പന്നങ്ങളോ, ഖാദി ബോർഡോ, ഖാദി കമ്മീഷനോ ധനസഹായം നൽകി പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോ ആണ് വിൽക്കുന്നത്. എന്നാൽ ഉപഭോക്താക്കളുടെ താൽപ്പര്യം കണക്കിലെടുത്ത് മറ്റു ഉൽപ്പന്നങ്ങളും വിൽപ്പനയ്ക്കായി, വൈവിധ്യത്തിനായി വയ്ക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

മാർജിൻമണി സ്കീം പ്രകാരം ആരംഭിച്ച വ്യവസായങ്ങൾ

143 [5955] ശ്രീ. വി. കെ. സി. മമത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡ് നടപ്പാക്കുന്ന മാർജിൻ മണി സ്കീമിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; എന്നാണ് ഈ പദ്ധതി ആരംഭിച്ചത്;

(ബി) ഈ പദ്ധതി പ്രകാരം എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഈ വ്യവസായങ്ങൾക്ക് മാർജിൻ മണി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വ്യവസായങ്ങൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഖാദി കമ്മീഷനിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാര്യത്തിലുള്ള തടസ്സമെന്താണെന്നും ഫണ്ട് ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിപ്രകാരം ആരംഭിച്ച വ്യവസായങ്ങൾക്ക് ഖാദി ബോർഡിൽനിന്നും മാർജിൻ മണി പാസ്സാക്കി നൽകാത്തതിനാൽ സെയിൽസ് ടാക്സ് വകുപ്പിന് നൽകാനുള്ള സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്ന അവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതേ തുടർന്ന് റവന്യൂ റിക്കവറി നടപടികൾക്ക് വിധേയമാകുന്ന യൂണിറ്റുകളെ സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപേക്ഷകൾ സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മുൻവർഷങ്ങളിൽ ലഭിച്ച 921 അപേക്ഷകൾക്ക് മാർജിൻമണി ഗ്രാന്റായി 11.60 കോടി രൂപ അനുവദിച്ചു നൽകാൻ ബാക്കി നിൽക്കുകയും ഖാദി കമ്മീഷൻ ഈ വർഷം തുക അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. 1997-98 സാമ്പത്തിക വർഷത്തിലാണ് മാർജിൻമണി പദ്ധതി ആരംഭിച്ചത്.

(ബി) 1653 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം മാർജിൻമണി ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക അനുവദിച്ച് നൽകണമെന്ന് ഖാദി കമ്മീഷനോട് സംസ്ഥാന സർക്കാരും ബോർഡും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഖാദി കമ്മീഷന്റെ മാർജിൻമണി പദ്ധതിയിൽ ഗ്രാന്റ് ലഭിച്ചിട്ടുള്ള യൂണിറ്റുകൾക്കാണ് സെയിൽസ് ടാക്സ് വകുപ്പിന് നൽകാനുള്ള ടാക്സ് എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ബോർഡ് നൽകുന്നത്.

(എഫ്) ഈ കാര്യം പരിശോധിച്ചുവരുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത 5806, 5807, 5812, 5823, 5829, 5834, 5846, 5866, 5953 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly